| ക്രമ നമ്പർ | രസീത് നമ്പർ | തിയതി | തുക |
|---|---|---|---|
| 1 | 4/2019-20 | തിയതി ഇല്ല | 140 രൂപ |
| 2 | 5/2019-20 | തിയതി ഇല്ല | 140 രൂപ |
| 3 | 6/2019-20 | തിയതി ഇല്ല | 2996 രൂപ |
| 4 | 7/2019-20 | 28.11.2019 | 140 രൂപ |
| 5 | 8/2019-20 | 28.11.2019 | 700 രൂപ |

മേൽപറയുന്ന തുകകൾ ഒന്നും തന്നെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 16.07.2019 ന് ശേഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. ആയതു ഗുരുതര വീഴ്ച ആയി കാണുന്നു. വിശദീകരിക്കേണ്ടതാണ്.

ഭാഗം – VII

ഫയലുകളുടെ പരിശോധന

1) ഫോറസ്റ്റ് അഡ്വാൻസ്, മിസ്സലേനിയസ് അഡ്വാൻസ് എന്നിവയുടെ കുടിശിഖ

ഫയൽ പരിശോധിച്ചതിൽ ഫോറസ്റ്റ് അഡ്വാൻസ്, മിസ്സലേനിയസ് അഡ്വാൻസ് ഇനത്തിൽ താഴെ പറയും പ്രകാരം കുടിശിക ഉള്ളതായി കാണുന്നു

| ക്രമ നമ്പർ | പേര്, തസ്തിക | ഫോറസ്റ്റ് അഡ്വാൻസ് | മിസ്സലേനിയസ് അഡ്വാൻസ് |
|---|---|---|---|
| 1 | എസ് കാർത്തികേയൻ പിള്ള | 43459/- രൂപ | 25562/- രൂപ |
| 2 | വി സുകുമാരൻ | 43100/- രൂപ | 11090/- രൂപ |
| 3 | ആർ കൃഷ്ണൻ | 10518/- രൂപ | 47254/- രൂപ |

മേൽ കുടിശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഫോറസ്റ്റ് അഡ്വാൻസ്, മിസ്സലേനിയസ് അഡ്വാൻസ് ഇനത്തിൽ ഈടാക്കിയ തുക വിവരങ്ങൾ യഥാ സമയം PCCF (P&D) യെ അറിയിക്കേണ്ടതാണ്.

2) കൊല്ലം ജില്ലയിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കൽ

കൊല്ലം ജില്ലയിൽ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ 5 സെന്റ് വസ്തു ലഭ്യമാകുന്ന ഇടങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി ചവറ ശങ്കരമംഗലം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിൽ പദ്ധതി നടപ്പിലാക്കാൻ പദ്ധതി ചെലവുകൾക്കായി 1,47,000/- രൂപ ആവശ്യപ്പെട്ടുകൊണ്ട് കേരള മെറ്റൽസ് ആൻഡ് മിനറൽസ് മാനേജിങ് ഡയറക്ടർക്ക് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ 21.01.2021 ൽ കത്തയക്കുകയുണ്ടായി. തുടർന്ന് പദ്ധതി ചെലവുകൾക്കായി കേരള മെറ്റൽസ് ആൻഡ് മിനറൽസ് മാനേജിങ് ഡയറക്ടർ 02.06.2021 ൽ 75000/- രൂപ ധനസഹായമായി അനുവദിച്ചു നൽകുകയും ചെയ്തു. സർക്കാർ അനുമതി ഇല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചതും സ്വീകരിച്ചതും ക്രമവിരുദ്ധമാണ്.

3) എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ താഴ്ന്ന നിരക്കിൽ ദർഘാസുകൾ സമർപ്പിച്ചത്

തൈ ഉൽപ്പാദനവുമായി ബന്ധപ്പെട്ട 2018-19 വർഷത്തിലെ ഫയൽ പരിശോധിച്ചതിൽ ശരാശരി 13 ശതമാനം താഴ്ന്ന നിരക്കിൽ ആണ് ഭൂരിഭാഗം വർക്കുകളും അവാർഡ് ചെയ്തിട്ടുള്ളത്. എന്നാൽ 2019-20, 2020-21 വർഷങ്ങളിലെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ താഴ്ന്ന നിരക്കിൽ ദർഘാസുകൾ സമർപ്പിച്ച കരാറുകാർക്ക് വർക്ക് അവാർഡ് ചെയ്തത് നൽകിയതായി കാണുന്നു. വിവരങ്ങൾ ചുവടെ കാണിക്കുന്നു

| | | |
|---|---|---|
| DE(SF) 4/Org/19-20 | 7,78,000/- രൂപ | 27 % below rate |
| DE(SF) 7/Org/19-20 | 6,68,000/- രൂപ | 28 % below rate |
| CE(SF) 13/Org/20-21 | 11,13,000/- രൂപ | 32 % below rate |
| CE(SF) 27/Org/20-21 | 11,25,000/- രൂപ | 38 % below rate |
| CE(SF) 28/Org/20-21 | 11,25,000/- രൂപ | 41 % below rate |

മത്സര സ്വഭാവത്തിൽ നിരക്ക് കുറച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ PCCF (സോഷ്യൽ ഫോറസ്ട്രി) യുടെ 1/2017 നമ്പർ സർക്കുലറിലെ നിർദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതാണ്.

4. അഡ്വാൻസ് അനുവദിച്ചു നൽകിയത് അഡ്ജസ്റ്റ് ചെയ്യാത്തത്

ക്യാഷ് ബുക്ക് രേഖകൾ പരിശോധിച്ചതിൽ 20.02.2021 തീയതിയിൽ office expense ഇനത്തിൽ 5000 രൂപ അഡ്വാൻസ് ആയി മാറി എടുത്തതായി കാണുന്നുണ്ട്. എന്നാൽ ടി തുക നാളിതുവരെയും അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. അഡ്വാൻസ് അടിയന്തിരമായി അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

ഭാഗം - VIII

ബില്ലുകളുടെ പരിശോധന

1 റ്റി. എ ബില്ലുകൾ

2 പരിശോധിച്ചു

3 കണ്ടിൻജന്റ് ബില്ലുകൾ

പരിശോധിച്ചു

ഭാഗം – IX

പർച്ചെയ്സ് ഫയലുകളുടെ പരിശോധന

പരിശോധിച്ചു.

1. 2020-21 വർഷത്തിൽ Snake Rescue Kit വാങ്ങി വിതരണം നടത്തിയത്

2020-21 വർഷത്തിൽ Snake Handlers ന് വിതരണം ചെയ്യുന്നതിനായി 31 Snake Rescue കിറ്റുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 87575/- രൂപ Snake Rescue കിറ്റിന്റെ വിലയായി നൽകിയതായി കാണുന്നു. ഫയലിൽ quotation നോട്ടീസ് ലഭ്യമല്ല. STP രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങലിനെ സംബന്ധിച്ചോ വിതരണം സംബന്ധിച്ചോ തുകയെ സംബന്ധിച്ചോ യാതൊരു രേഖപ്പെടുത്തലും വന്നിട്ടില്ല. ഫയലിൽ ലഭ്യമായ വൗച്ചറിൽ സ്റ്റോക്ക് സർട്ടിഫിക്കറ്റും രേഖപ്പെടുത്തിയിട്ടില്ല. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 148 (a) പ്രകാരം സ്റ്റോക്കിൽ എടുക്കാത്ത സ്റ്റോറുകളുടെ പേയ്മെന്റ് നൽകാൻ പാടുള്ളതല്ല. ചട്ടങ്ങൾ പാലിക്കാതെ സർക്കാർ പണം ചിലവഴിച്ചത് ഓഫീസ് മേധാവിയുടെ വ്യക്തിഗത ബാധ്യതയായി കാണുന്നു.

ഭാഗം X

ഭൗതിക പരിശോധന

ഡിവിഷൻ ഓഫീസിൽ ഭൗതിക പരിശോധന നടത്തിയതിൽ ക്യാഷ് ചെസ്റ്റ് സ്ഥാപിച്ചതായി കണ്ടില്ല. പകരം ഹെഡ് അക്കൗണ്ടന്റിന്റെ അലമാര ആണ് ക്യാഷ് ചെസ്റ്റ് ആയി ഉപയോഗിക്കുന്നത് എന്ന് അറിയിച്ചു. കേരളാ ട്രഷറി കോഡിലെ (വോള്യം 1) ചട്ടം 130 പ്രകാരം സർക്കാരിന് വേണ്ടി സ്വീകരിക്കുന്ന പണം യഥാ സമയം ട്രെഷറിയിൽ അടക്കാൻ കഴിഞ്ഞില്ലെങ്കിൽ ആയതു ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്. ആയതു പ്രകാരം ക്യാഷ് ചെസ്റ്റ് ഉപയോഗിക്കേണ്ടതാണ്. നിലവിൽ ക്യാഷ് ബാലൻസ് ഇല്ല.

ഭാഗം – XI

എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ, സർവീസ് ബുക്ക് (ലീവ്, ശമ്പള നിർണയം)

1 സർവീസ് ബുക്ക്

1. ഷീജ ഐ, ക്ലാർക്ക് PEN - 501621

i) ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല

ii) . GIS പോളിസി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

iii) 21.03.2018 മുതൽ 14.09.2020 വരെയുള്ള കാലയളവിൽ 148 earned leave 6 commuted leave 20 Half Pay Leave എന്നിങ്ങനെ ആകെ 174 leave എടുത്തിട്ടുണ്ട്.

എന്നാൽ ആർജിത അവധിക്കുള്ള ഡ്യൂട്ടി പീരീഡ് കണക്കാക്കിയപ്പോൾ ആകെ 151 ദിവസങ്ങൾ മാത്രമേ കുറവ് വരുത്തിയിട്ടുള്ളു. ആയതു ക്രമീകരിക്കേണ്ടതാണ്.

iv) 29.02.2019 മുതൽ 20.03.2019 വരെയുള്ള കാലയളവിൽ ആർജിത അവധിക്കുള്ള ഡ്യൂട്ടി പീരീഡ് കണക്കാക്കിയപ്പോൾ 27 ദിവസങ്ങൾ അധികമായി കണക്കാക്കിയിട്ടുണ്ട്. ആയതു ക്രമീകരിക്കേണ്ടതാണ്.

v) 05.10.2017 ൽ വനം വകുപ്പിൽ ജോയിൻ ചെയ്തു. നാളിതുവരെയും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. പ്രൊബേഷൻ പീരീഡ് നീട്ടിക്കൊടുത്തിട്ടും ഇല്ല. ആയതിനാൽ കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂളിലെ റൂൾ 21 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. മുഹമ്മദ് റാസി, ഓഫീസ് അറ്റെൻഡന്റ്, PEN - 321993

i) ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല

ii) . GIS പോളിസി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

iii) SLI നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. പത്മജ എസ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, PEN - 857447

i) ഉയരം രേഖപ്പെടുത്തിയിട്ടില്ല

ii) SLI GIS പോളിസി, നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

iii) GPF Account Number രേഖപ്പെടുത്തിയിട്ടില്ല.

4. പി റ്റി ശ്രീജ, ഓഫീസ് അറ്റെൻഡന്റ്, PEN - 500469

i) ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല

5. രാജേഷ് എസ് ആർ, ക്ലാർക്, PEN - 408662

i) GPF Account Number, നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6. ജോർജ് കുട്ടി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, PEN-402815

i) family particulars രേഖപ്പെടുത്തിയിട്ടില്ല.

ii) SLI നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

iii) അച്ചടക്ക നടപടി വിവരങ്ങൾ പേജ് നമ്പർ 99 ൽ രേഖപ്പെടുത്തിയിട്ടില്ല.

7. ആർ എസ് മനോജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ , PEN - 424839.

i) family particulars രേഖപ്പെടുത്തിയിട്ടില്ല.

8. അനിൽകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, PEN - 160105

i) family particulars രേഖപ്പെടുത്തിയിട്ടില്ല

ii) അച്ചടക്ക നടപടി വിവരങ്ങൾ പേജ് നമ്പർ 99 ൽ രേഖപ്പെടുത്തിയിട്ടില്ല.

9. സനൂജ്, എം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, PEN - 664840

i) GPF, GIS, SLI പോളിസി വിവരങ്ങൾ മേലധികാരി അറ്റസ്റ്റ് ചെയ്തിട്ടില്ല.

ii) 21.04.2016 ൽ വനം വകുപ്പിൽ ജോയിൻ ചെയ്തു. നാളിതുവരെയും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. പ്രൊബേഷൻ പീരീഡ് നീട്ടിക്കൊടുത്തിട്ടും ഇല്ല. ആയതിനാൽ കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂളിലെ റൂൾ 21 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10 എ. നാസറുദീൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, PEN - 153939

i) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയി പ്രൊമോഷൻ ലഭിച്ചത് 29.07.2015 ൽ ആണ്. നാളിതുവരെയും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. പ്രൊബേഷൻ പീരീഡ് നീട്ടിക്കൊടുത്തിട്ടും ഇല്ല. ആയതിനാൽ കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂളിലെ റൂൾ 21 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ii) അച്ചടക്ക നടപടി വിവരങ്ങൾ പേജ് നമ്പർ 99 ൽ രേഖപ്പെടുത്തിയിട്ടില്ല.

11. റജീനാ എൻ, ഓഫീസ് അറ്റെൻഡന്റ്, PEN-762058

i) SLI, GIS നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ii) GPF Account നമ്പർ ഓഫീസ് മേലധികാരി അറ്റസ്റ്റ് ചെയ്തിട്ടില്ല.

12. മിനി പി എസ്, ഹെഡ് അക്കൗണ്ടന്റ്, PEN-153773

i) GPF Account നമ്പർ, SLI പോളിസി നമ്പർ ഓഫീസ് മേലധികാരി അറ്റസ്റ്റ് ചെയ്തിട്ടില്ല.

13. ചൈത്രാ വിശ്വൻ, ക്ലാർക്, PEN 718116

i) ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല

14. സുരേഷ് എം ആർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, PEN-153888

i) family particulars രേഖപ്പെടുത്തിയിട്ടില്ല.

ii) GPF Account നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

iii) SLI, GIS പോളിസി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

15. രാഗിന്ദ്രൻ എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, PEN-153808

i) ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല.

16. കെ സതീഷ്കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, PEN-160332

i) അച്ചടക്ക നടപടി വിവരങ്ങൾ പേജ് നമ്പർ ११ ൽ രേഖപ്പെടുത്തിയിട്ടില്ല

17. ദീപക് ബി എസ്, ഡ്രൈവർ PEN-700042

i) SLI, GIS പോളിസി നമ്പർ ഓഫീസ് മേലധികാരി അറ്റസ്റ്റ് ചെയ്തിട്ടില്ല.

ii) CPF നോമിനേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. പെന്റിങ്ങ് പെൻഷൻ കേസുകൾ

31.05.2018 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. വിശ്വംഭരൻ.ബി യുടെ SLI, GIS, പോളിസി ആനുകൂല്യങ്ങളും ഫാമിലി ബെനിഫിറ്റ് സ്കീം തുകയും നാളിതുവരെയും നൽകിയിട്ടില്ല. ആയത് അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. ഒരു വർഷത്തിനകം വിരമിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ

താഴെ പറയുന്ന ഉദ്യോഗസ്ഥർ അവരുടെ നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിൽ വരുന്ന ഒരു വർഷത്തിനകം സർവീസിൽ നിന്നും വിരമിക്കുന്നതായി കാണുന്നു.

| | | |
|---|---|---|
| കവിരാജൻ. ആർ<br>സെക്ഷൻ ഫോറസ്റ്റ് ഓഫീസർ<br>PEN - 154230 | = | 30.04.2022 ന് വിരമിക്കുന്നു |

മേൽ പറയുന്ന ഉദ്യോഗസ്ഥന്റെ ബാധ്യത / ബാധ്യത രഹിത സർട്ടിഫിക്കറ്റ് ടിയാൻ ജോലി ചെയ്ത മുൻ ഓഫീസുകളിൽ നിന്നും അടിയന്തിരമായി ശേഖരിച്ചു വിരമിക്കുന്നതിനു മുൻപായിത്തന്നെ എല്ലാ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം – XII അഡ്വാൻസുകൾ

യാത്ര / വകുപ്പ് തല പരിപാടികൾ സംബന്ധിച്ച നൽകിയ അഡ്വാൻസുകൾ

| വർഷം/ അഡ്വാൻസ് നൽകിയ തീയതി | അഡ്വാൻസ് തുകയും തുക കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും | അഡ്വാൻസ് സെറ്റിൽ ചെയ്ത തീയതിയും ബിൽ നമ്പറും | കുടിശ്ശികയുള്ള അഡ്വാൻസ് തുക | സെറ്റിൽ ചെയ്യാത്തതിന്റെ കാരണം |
|---|---|---|---|---|
| 2019 -2020<br>03.10.2019 | Rs. 75,000/-<br>എ. ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് | 19.10.2019<br><br>19030125000200708605 | കുടിശ്ശിക ഇല്ല | -- |

i) സർക്കാർ പണം അഡ്വാൻസ് ആയി മാറി നല്കിയതോ അത് അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചോ ഡിവിഷനിൽ യാതൊരു രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. ആയതുകൊണ്ട് തന്നെ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യൽ ശ്രദ്ധയിൽപെടാതെ പോവാൻ

സാധ്യത കൂടുതലാണ്. കാരണം വിശദമാക്കേണ്ടതാണ്. അതോടൊപ്പം രജിസ്റ്ററും നിർബന്ധമായും വച്ച് പോരേണ്ടതാണ്.

ii) സാമ്പത്തിക അധികാരങ്ങൾ പരിഷ്കരിച്ചുകൊണ്ടു സർക്കാർ 01.09.2018 ൽ ഇറക്കിയ 394/2018/ വനം നമ്പർ ഉത്തരവിൽ ഐറ്റം 36 പ്രകാരം 5000 രൂപവരെ അഡ്വാൻസ് അനുവദിക്കാൻ മാത്രമേ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം നൽകുന്നുള്ളൂ. സർക്കാർ ഉത്തരവിന് വിപരീതമായി 75,000/- രൂപ അഡ്വാൻസ് അനുവദിച്ചത് ചട്ട വിരുദ്ധമാണ്.

iii) **ഭാഗം - XIII**

1. സാമ്പത്തിക തിരിമറി / പണാപഹരണം

   സാമ്പത്തിക തിരിമറി / പണാപഹരണ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

2. സാമ്പത്തിക തിരിമറി / പണാപഹരണം കേസുകളിലെ നിലവിലെ അവസ്ഥ

| സാമ്പത്തിക തിരിമറി/ പണാപഹരണം നടന്ന ഇനം | ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | തിരിമറി നടത്തിയ വർഷം | നിലവിലെ അവസ്ഥ | ആയതിൽ അവസാനമായി വകുപ്പ് സ്വീകരിച്ച നടപടി (തീയതിസഹിതം) |
|---|---|---|---|---|
| സാമ്പത്തിക തിരിമറി / പണാപഹരണ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല | | | | |

**ഭാഗം - XIV**

## 1 ഡി .സി .ബി സ്റ്റേറ്റുമെന്റ്

ഡിമാൻഡ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റുമെന്റ് വച്ച് പോരുന്നില്ല. കേരളാ ഫോറസ്റ്റ് കോഡിലെ (വോളിയം-II) പാരാ 8 .4 .2 പ്രകാരം എല്ലാ ഓഫീസ് മേധാവികളും നിർബന്ധമായും ആകെ ഡിമാൻഡ്, പിരിച്ചെടുത്ത തുക, പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച ഡി .സി .ബി സ്റ്റേറ്റുമെന്റ് വച്ച് പോരേണ്ടതാണ്. ഈ ഡിവിഷനിൽ അനുമതി നൽകുന്ന പ്രകാരം മരം മുറിച്ചു വില്പന നടത്തുന്ന കേസുകളിൽ വില്പന തുകയുടെ 20 ശതമാനവും 5 ശതമാനം FDT യും ഈടാക്കേണ്ടതുള്ളതിനാലും കുടംപുളി, കശുമാവ് എന്നിവയുടെ ലേല വരുമാനവും ലഭിക്കേണ്ട സാഹചര്യത്തിൽ ഡി .സി .ബി സ്റ്റേറ്റുമെന്റ് നിർബന്ധമായും വച്ച് പോരേണ്ടതാണ്. ഇക്കാര്യത്തിൽ അകൗണ്ടന്റ് ജനറലിന്റെ കർശന നിർദേശം കുടി ഉള്ള സാഹചര്യത്തിൽ ഡി .സി .ബി സ്റ്റേറ്റുമെന്റ് എഴുതി തയ്യാറാക്കി പ്രതിമാസ വിവരങ്ങൾ ഉൾക്കൊള്ളിച്ചു രജിസ്റ്റർ അപ്ഡേറ്റ് ചെയ്യു സുക്ഷിക്കേണ്ടതാണ് .

## 2 നികുതി പിരിവ്

നികുതി പിരിവ് താരതമ്യേന കുറവുള്ള ഡിവിഷൻ ആണ്. 1961 ലെ കേരളാ വന നിയമത്തിലെ 75 എ വകുപ്പ് പ്രകാരം ഈടാക്കുന്ന ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ആണ് പ്രധാനമായും പിരിച്ചെടുക്കുന്നത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | റവന്യു വരുമാനം (രൂപയിൽ) | FDT പിരിച്ചെടുത്തത് (രൂപയിൽ) | GST പിരിച്ചെടുത്തത് (രൂപയിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| 2018-19 | 1,30,896 | 96,658 | 630 |
| 2019-20 | 4,25,185 | 3,93,887 | 735 |
| 2020-21 | 2,31,169 | 23,754 | 4858 |

**i) GST ക്യാഷ് ബുക്ക് വച്ച് പോരാത്തത്**

ഈ ഡിവിഷനിൽ GST പിരിച്ചെടുക്കുന്നുണ്ടെങ്കിലും GST ക്യാഷ് ബുക്ക് വച്ച് പോരുന്നില്ല. GST ഇൻവോയ്സും നൽകുന്നില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. ആയതിനുള്ള വിശദീകരണം നൽകേണ്ടതാണ്. PCCF (FL & R) അയച്ച 18.08.2017 ലെ പ്രൊ-(4)-38150/2017 നമ്പർ കത്തിൽ നിഷ്കർഷിച്ചതു പ്രകാരം CST ക്യാഷ് ബുക്ക് നിശ്ചിത ഫാറത്തിൽ അടിയന്തിരമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ DFO പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്

**(ii)** GST തുകകൾ നിക്ഷേപിക്കാൻ PCCF (FL & R) ന്റെ നിർദ്ദേശ പ്രകാരം ഉള്ള bank account തുടങ്ങിയിട്ടുണ്ട്. 27.03.2021 വരെയുള്ള bank statement മാത്രമാണ് ഓഡിറ്റിനായി സമർപ്പിച്ചത്. ആയത് പ്രകാരം 27.03.2021 - ൽ 4745 രൂപ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. Current Account - ൽ GST ബാലൻസ് വരുത്തിയത് വിശദീകരിക്കേണ്ടതാണ്.

**3 കുടിശ്ശിക വിവരങ്ങൾ**

ലേല വിൽപ്പനയുമായി ബന്ധപ്പെട്ട് 29,659 രൂപ നിലവിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. 2001-02. മുതൽ ടി തുക കുടിശ്ശിക ആയി നിലനിൽക്കുന്നു. കേരളാ ഫോറസ്റ്റ് കോഡ് (വോളിയം II) പാരാ 8.4.2 പ്രകാരം വീഴ്ച വരുത്തിയ തിയതി മുതൽ 6 മാസത്തിനകം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. ടി തുക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം - XV

## നിർമ്മാണ പ്രവർത്തനങ്ങൾ

പരിശോധിച്ചു.

**1. കൊട്ടാരക്കരയിലെ ഡിസ്ട്രിക്റ്റ് ഫോറസ്ട്രി എക്സ്റ്റൻഷൻ ആൻഡ് ഇൻഫർമേഷൻ സെന്ററിന്റെ നവീകരണത്തിനായി അധിക തുക നൽകിയത്**

2018-19 വർഷത്തിൽ കൊട്ടാരക്കരയിലെ ഡിസ്ട്രിക്റ്റ് ഫോറസ്ട്രി എക്സ്റ്റൻഷൻ ആൻഡ് ഇൻഫർമേഷൻ സെന്ററിന്റെ നവീകരണത്തിനായി എസ്റ്റിമേറ്റ് നമ്പർ PCCF (SF) 13/Org/2018-19 പ്രകാരം 11,88,000/- രൂപയുടെ അടങ്കൽ PCCF(SF) അംഗീകരിച്ചു നൽകി. പരിശോധിച്ചതിൽ താഴെ പറയുന്ന ഐറ്റങ്ങൾക്ക് അംഗീകരിച്ച എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു.

| എസ്റ്റിമേറ്റ് ഐറ്റം നമ്പർ | അംഗീകരിച്ച പ്രവർത്തി | എസ്റ്റിമേറ്റ് തുക | അനുവദിച്ചു നൽകിയ തുക | അധികരിച്ചു നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഐറ്റം നമ്പർ - 8 | 12-mm സിമെന്റ് പ്ലാസ്റ്ററിങ് (256 ക്യൂബിക് മീറ്റർ) | 24064 രൂപ | 51200 രൂപ (200 ക്യൂബിക് മീറ്റർ) | 27136 രൂപ |
| ലഭിക്കേണ്ട സാഹചര്യത്തിൽ ഐറ്റം നമ്പർ - 11 | ലേയിങ്ങ് വിട്രിഫൈഡ് ഫ്ലോർ ടൈൽസ് | 57995 രൂപ | 82850 രൂപ | 24855 രൂപ |
| | അധിക തുക നൽകിയത് | | | **51991** രൂപ |

അധിക തുക നൽകിയത് തിരിച്ചുപിടിക്കേണ്ടതാണ്.

ഭാഗം – XVI

മറ്റിനങ്ങൾ

1 ഡയറി സമർപ്പിക്കാതെ ശമ്പളം അനുവദിച്ചു നൽകിയത്

സംരക്ഷണ വിഭാഗം ജീവനക്കാർക്ക് അവർ സമർപ്പിക്കുന്ന ഡയറിയുടെ അടിസ്ഥാനത്തിൽ ആണ് ശമ്പളം അനുവദിച്ചു നൽകുന്നത്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുഖാന്തിരവും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ നേരിട്ടും ഡിവിഷണൽ സമർപ്പിക്കുന്ന ഡയറിയുടെ അടിസ്ഥാനത്തിൽ ആണ് ശമ്പളം അനുവദിച്ചു നൽകുന്നത്. സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡയറി പരിശോധിച്ചതിൽ എല്ലാവരും കൃത്യമായി ഡയറി സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും കൃത്യമായി ഡയറി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രി അജിത്കുമാർ 2021 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഡയറി സമർപ്പിച്ചിട്ടില്ല. എന്നാൽ ഈ മാസങ്ങളിൽ ടിയാന് ശമ്പളം അനുവദിച്ചു നൽകിയിട്ടുണ്ട്.

2. സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന്റെ പേരും റെയിഞ്ച് സ്ഥിതി ചെയ്യുന്ന സ്ഥല വ്യത്യാസവും

കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് എന്നീ രണ്ട് റെയിഞ്ചുകൾ ആണ് നിലവിലുള്ളത്. അതിൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് കൊല്ലം വനശ്രീ കോംപ്ലക്സിൽ ആണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് പുനലൂരിൽ സ്ഥിതി ചെയ്യേണ്ടതിനു പകരം നിലവിൽ കൊട്ടാരക്കര ടൗണിൽ ആണ് സ്ഥിതി ചെയ്യുന്നത്. ആയത് പുനലൂരിലേക്കു മാറ്റുകയോ കൊട്ടാരക്കര സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് എന്ന് പുനർനാമകരണം ചെയ്യുകയോ ചെയ്യേണ്ടതാണ്.

3. പത്തനാപുരം ബ്ലോക്കിൽ തൈ ഉൽപ്പാദനം നിർത്തി വച്ചിരിക്കുന്നത്

പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന് കീഴിൽ വരുന്ന പത്തനാപുരം ബ്ലോക്കിൽ അവസാനമായി തൈ ഉൽപ്പാദനം നടത്തിയത് 2018-19 വർഷത്തിൽ 40000 തൈകൾ ഉൽപ്പാദിപ്പിച്ചതാണ്. തുടർന്ന് 2019-20 വർഷവും നടപ്പ് വർഷമായ 2020-21 ലും തൈകൾ ഒന്നും ഉൽപ്പാദിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബ്ലോക്കിന്റെ ചാർജ് വഹിക്കുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി പുനർ വിന്യസിപ്പിക്കേണ്ടതാണ്.

4. വെട്ടിക്കവല ബ്ലോക്കിൽ കൈപ്പറ്റ് രസീത് ഇല്ലാതെ തൈകൾ വിതരണം ചെയ്തത്.

പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന് കീഴിൽ വരുന്ന വെട്ടിക്കവല ബ്ലോക്കിൽ നടപ്പ് വർഷമായ 2020-21 ൽ തൈകൾ ഒന്നും ഉൽപ്പാദിപ്പിച്ചിട്ടില്ല. 2019-20 വർഷത്തിൽ ഉൽപ്പാദിപ്പിച്ച 40000 തൈകളുടെ വിതരണ വിവരങ്ങൾ ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ KPMS വെളിയം ബ്രാഞ്ചിന് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 900 മിസല്ലേനിയസ് സ്പീഷീസിൽ പെട്ട തൈകൾ (രസീത് - 4) ആരും കൈപ്പറ്റിയതായി രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. 900 തൈകളുടെ ഉൽപ്പാദന ചെലവ് സർക്കാർ നഷ്ടമായി കാണുന്നു. സാമൂഹ്യ വന വൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു തൈ ഉല്പാദിപ്പിക്കുന്നതിന് ചിലവഴിക്കുന്ന തുകയാണ് വില്പന വിലയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. സ.ഉ. (സാധാ) 159/2017/വനം തിയതി 22.04.2017 പ്രകാരം ചെറിയ കുട തൈയുടെ വില 17/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. . ആയത് പ്രകാരം 900 തൈകളുടെ ഉൽപ്പാദന ചെലവ് 15300/- (900 x 17) രൂപയുടെ സർക്കാർ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

5. ധാരണാപത്രം വയ്ക്കാതെ 38400 തൈകൾ വിതരണം നടത്തിയത് .

പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന് കീഴിൽ വരുന്ന ചടയമംഗലം ബ്ലോക്കിൽ നടപ്പ് വർഷമായ 2020-21 ൽ മിസല്ലേനിയസ് സ്പീഷീസിൽ പെട്ട 50000 തൈകൾ ഉത്പാദിപ്പിച്ചു. തൈകളുടെ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ 38400 തൈകൾ പത്തനാപുരം സെയിന്റ് സ്റ്റീഫൻസ് കോളേജിന് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിയതായി കാണുന്നു. എന്നാൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 9,21,600/- രൂപ (38400 x 24) ഉൽപ്പാദന ചെലവ് വരുന്ന 38400 തൈകൾ സൗജന്യമായി നൽകിയിട്ടും കോളേജ് അധികൃതരുമായി യാതൊരു തരത്തിലും ഉള്ള ഒരു ധാരണാപത്രത്തിൽ ഏർപ്പെടാതിരുന്നത് നിരുത്തരവാദിത്തപരവും ഹരിത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമാണെന്ന് കാണുന്നു.

6. പത്തനാപുരം ബ്ലോക്കിൽ കൈപ്പറ്റ് രസീത് ഇല്ലാതെ തൈകൾ വിതരണം ചെയ്തത്.

പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന് കീഴിൽ വരുന്ന പത്തനാപുരം ബ്ലോക്കിൽ 2018-19 വർഷത്തിൽ 40000 തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി. തൈകളുടെ വിതരണ വിവരങ്ങൾ ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ ആനക്കുന്നു ക്ഷീരോത്പാദന കേന്ദ്രം കോപ്പറേറ്റീവ് സൊസൈറ്റിക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 510 മിസല്ലേനിയസ് സ്പീഷീസിൽ പെട്ട

തൈകൾ (രസീത് നമ്പർ - 50) ആരും കൈപ്പറ്റിയതായി രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. 510 തൈകളുടെ ഉൽപ്പാദന ചെലവ് സർക്കാർ നഷ്ടമായി കാണുന്നു. സാമൂഹ്യ വന വൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു തൈ ഉല്പാദിപ്പിക്കുന്നതിന് ചിലവഴിക്കുന്ന തുകയാണ് വില്പന വിലയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. സ.ഉ. (സാധാ) 159/2017/വനം തിയതി 22.04.2017 പ്രകാരം ചെറിയ കൂട തൈയുടെ വില 17/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. . ആയത് പ്രകാരം 510 തൈകളുടെ ഉൽപ്പാദന ചെലവ് 8670/- (510 x 17) രൂപയാണ്. സർക്കാർ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7. ധാരണാപത്രം വയ്ക്കാതെയും സൗജന്യമായും 2128 വലിയ കൂട തൈകൾ വിതരണം നടത്തിയത്

പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ വരുന്ന കൊട്ടാരക്കര ബ്ലോക്കിൽ നടപ്പ് വർഷമായ 2020-21 ൽ 5000 വലിയ കൂട തൈകൾ ഉത്പാദിപ്പിച്ചു. അതിൽ 2128 വലിയ കൂട തൈകൾ കൊല്ലം കോർപ്പറേഷന് സൗജന്യമായി കൈമാറിയതായി ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. കൊല്ലം കോർപ്പറേഷനുമായി യാതൊരു ധാരണാപത്രത്തിലും ഒപ്പിട്ടിട്ടില്ല. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം വലിയ കൂട തൈകൾ സൗജന്യമായി നല്കാൻ പാടുള്ളതല്ല. സ.ഉ. (സാധാ) 135/2020/വനം തിയതി 09.06.2020 പ്രകാരം വലിയ കൂട തൈയുടെ വില്പന വില 60/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.. ആയത് പ്രകാരം 1,27,680/- രൂപ (2128 x 60) ഉൽപ്പാദന ചെലവ് വരുന്ന വലിയ കൂട തൈകൾ സൗജന്യമായി നൽകിയത് ക്രമവിരുദ്ധമാണ്.

8. ചവറ, ഓച്ചിറ, ശാസ്താംകോട്ട ബ്ലോക്കുകളിൽ കൈപ്പറ്റ് രസീത് ഇല്ലാതെ തൈകൾ വിതരണം ചെയ്തത്.

കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ വരുന്ന ചവറ, ഓച്ചിറ, ശാസ്താംകോട്ട ബ്ലോക്കുകളിൽ സംയുക്തമായി നടപ്പ് വർഷമായ 2020-21 ൽ 125000 തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി. തൈകളുടെ വിതരണ വിവരങ്ങൾ ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ രസീത് നമ്പർ - 64 പ്രകാരം കേന്ദ്രീയ വിദ്യാലയത്തിന് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 100, രസീത് നമ്പർ - 65 പ്രകാരം 60 മിസല്ലേനിയസ് സ്പീഷീസിൽ പെട്ട തൈകളും ഉൾപ്പെടെ 160 തൈകൾ ആരും കൈപ്പറ്റിയതായി രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. 160 തൈകളുടെ ഉൽപ്പാദന ചെലവ് സർക്കാർ നഷ്ടമായി കാണുന്നു. സ.ഉ. (സാധാ) 135/2020/വനം തിയതി 09.06.2020 പ്രകാരം ചെറിയ കൂട തൈയുടെ വില്പന വില 24/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.. ആയത് പ്രകാരം 160 തൈകളുടെ ഉൽപ്പാദന ചെലവ് 3840/- (160 x 24) രൂപയാണ്. സർക്കാർ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

9. അഞ്ചാലുംമൂട് ബ്ലോക്കിൽ കൈപ്പറ്റ് രസീത് ഇല്ലാതെ തൈകൾ വിതരണം ചെയ്തത്.

കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ വരുന്ന അഞ്ചാലുംമൂട് ബ്ലോക്കിൽ നടപ്പ് വർഷമായ 2020-21 ൽ 33 ബെഡ്ഡുകളിലായി മിസല്ലേനിയസ് സ്പീഷീസിൽ പെട്ട 50000 തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി. വിതരണ വിവരങ്ങൾ ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ താഴെ പറയുന്ന

രസീതുകൾ പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തൈകൾ ആരും കൈപ്പറ്റിയതായി രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല.

| ക്രമ നമ്പർ | രസീത് നമ്പർ | തൈകളുടെ എണ്ണം |
|---|---|---|
| 1 | 44 | 250 |
| 2 | 46 | 200 |
| 3 | 47 | 7000 |
| | ആകെ | 7450 |

7450 തൈകളുടെ ഉൽപ്പാദന ചെലവ് സർക്കാർ നഷ്ടമായി കാണുന്നു. സ.ഉ. (സാധാ) 135/2020/വനം തിയതി 09.06.2020 പ്രകാരം ചെറിയ കുട തൈയുടെ വില്പന വില 24/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.. ആയത് പ്രകാരം 7450 തൈകളുടെ ഉൽപ്പാദന ചെലവ് 1,78, 800/- (7450 x 24) രൂപയാണ്. സർക്കാർ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10. ഇത്തിക്കര, മുഖത്തല ബ്ലോക്കുകളിൽ കൈപ്പറ്റ് രസീത് ഇല്ലാതെ തൈകൾ വിതരണം ചെയ്തത്.

കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ വരുന്ന ഇത്തിക്കര, മുഖത്തല ബ്ലോക്കുകളിൽ നടപ്പ് വർഷമായ 2020-21 ൽ തൈകൾ ഒന്നും ഉൽപ്പാദിപ്പിച്ചിട്ടില്ല. 2019-20 ൽ 50000 തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി. തൈകളുടെ വിതരണ വിവരങ്ങൾ ബ്ലോക്കിന്റെ ചാർജ് ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുകൾ പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തൈകൾ ആരും കൈപ്പറ്റിയതായി രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല.

| ക്രമ നമ്പർ | രസീത് നമ്പർ | തൈകളുടെ എണ്ണം |
|---|---|---|
| 1 | 17 | 500 |
| 2 | 45 | 250 |
| | ആകെ | 750 |

750 തൈകളുടെ ഉൽപ്പാദന ചെലവ് സർക്കാർ നഷ്ടമായി കാണുന്നു. സാമൂഹ്യ വന വൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു തൈ ഉല്പാദിപ്പിക്കുന്നതിന് ചിലവഴിക്കുന്ന തുകയാണ് വില്പന വിലയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. സ.ഉ. (സാധാ) 159/2017/വനം തിയതി 22.04.2017 പ്രകാരം ചെറിയ കുട തൈയുടെ വില 17/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. . ആയത് പ്രകാരം 750 തൈകളുടെ ഉൽപ്പാദന ചെലവ് 12750/- (750 x 17) രൂപയാണ്. സർക്കാർ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

11. കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ വരുന്ന ബ്ലോക്കുകളിൽ തൈ ഉൽപ്പാദന പ്രവർത്തികളിൽ ഗണ്യമായ കുറവ് വന്നത്

കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്ന് കീഴിൽ ചവറ, ഓച്ചിറ, ശാസ്താംകോട്ട, അഞ്ചാലുംമൂട്, ഇത്തിക്കര, മുഖത്തല, ചുറ്റുമല എന്നീ ഏഴ് ബ്ലോക്കുകൾ നിലവിലുണ്ട്. ഈ

ഏഴ് ബ്ലോക്കുകളുടെയും ചാർജ് വഹിക്കുന്നത് ഏഴ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരാണ്. ഈ ഏഴ് ബ്ലോക്കുകളുടെയും തൈ ഉൽപ്പാദന വിതരണ പ്രവർത്തികൾ പരിശോധിച്ചതിൽ നടപ്പ് വർഷമായ 2020-21 ൽ ചവറ, ഓച്ചിറ, ശാസ്താംകോട്ട എന്നീ മൂന്ന് ബ്ലോക്കുകൾ സംയുക്തമായി ആണ് 125000 തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. അഞ്ചാലുംമൂട്, ചുറ്റുമല ബ്ലോക്കുകൾ സംയുക്തമായി ആണ് 50000 തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. ഇത്തിക്കര, മുഖത്തല ബ്ലോക്കുകളിൽ 2020-21 ൽ തൈ ഉൽപ്പാദിപ്പിച്ചിട്ടില്ല. ഇത്തിക്കര, മുഖത്തല ബ്ലോക്കുകളിൽ 2019-20 ൽ സംയുക്തമായി 50000 തൈകൾ ആണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. തൈ ഉൽപ്പാദന പ്രവർത്തികളിൽ ഗണ്യമായ കുറവ് വന്ന സാഹചര്യത്തിൽ തൈ ഉൽപ്പാദന പ്രവർത്തികളുടെ ചുമതലകൾ ഇല്ലാത്ത സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി പുനർ വിന്യസിപ്പിക്കേണ്ടതാണ്.

12. . Income Tax വിഹിതം പിടിച്ചു അടയ്ക്കുന്നതിൽ കുറവ് വന്നത്

താഴെ പറയുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും പിടിച്ചു അടയ്ക്കുന്ന ഇൻകം ടാക്സ് വിഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, സ്ഥാനപ്പേര് | അടിസ്ഥാന ശമ്പളം | ഇൻകം ടാക്സ് വിഹിതം |
|---|---|---|---|
| 1 | അജിത്കുമാർ ആർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 65200 | 2000 |
| 2 | ആർ സുരേഷ്കുമാർ ജൂനിയർ സൂപ്രണ്ട് | 66800 | 2500 |
| 3 | സരീഷ് എം ആർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 59300 | 3000 |
| 4 | എസ് രാജേന്ദ്രൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 53900 | 2000 |
| 5 | നാസറുദീൻ എ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 49000 | 1000 |
| 6 | കവിരാജൻ ആർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 53900 | 3000 |

Income Tax Act പ്രകാരം മാർച്ച് മാസത്തിനു മുൻപായി 90 ശതമാനം ടാക്സ് അടച്ചിരിക്കണം. ആയതിനാൽ മുഴുവൻ ശമ്പളത്തിന്റെ ആനുപാതിക വിഹിതം Tax ഇനത്തിൽ പിടിച്ചു അടക്കേണ്ടതാണ്.

13 രസീത് തുക ട്രഷറിയിൽ ഒടുക്കിയതിൽ വ്യത്യാസം വന്നത്

പുനലൂർ റെയിഞ്ച് ക്യാഷ് ബുക്ക്, 117 രസീത് , ചലാൻ എന്നിവ പരിശോധിച്ചതിൽ 117 രസീത് പ്രകാരം കൈപ്പറ്റിയ തുകകൾ ട്രഷറിയിൽ ഒടുക്കിയപ്പോൾ 61 രൂപയുടെ കുറവ്

വന്നിട്ടുള്ളതായി കാണുന്നു. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കാമെന്ന് ചാർജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. 61 രൂപ ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.

## ഭാഗം - XVII

## സംഗ്രഹം /ശുപാർശകൾ

i) ഓഫീസിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ട്. എന്നാൽ കോഡുകളും ചട്ടങ്ങളും അനുശാസിക്കുന്ന ഭൂരിഭാഗം രജിസ്റ്ററുകളും ഈ ഓഫീസിൽ വച്ച് പോരുന്നില്ല. ഇതൊരു ഓഫീസ് മേധാവിയുടെ വീഴ്ചയായി കാണുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന എല്ലാ രജിസ്റ്ററുകളും നിർബന്ധമായും വച്ച് പോരേണ്ടതാണ്.

ii) സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കാൻ അനുമതി നൽകൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്രധാന ചുമതലകളിൽപെട്ടതാണ്. ഇപ്രകാരം മരം മുറിച്ചു വില്പന നടത്താൻ മറ്റു വകുപ്പുകൾ/ഏജൻസികൾക്കു അനുമതി നൽകുന്നതോടൊപ്പം വില്പന തുകയുടെ 5 ശതമാനം Forest Development Tax (FDT) ഇനത്തിൽ വനം വകുപ്പിന് അവകാശപ്പെട്ടതാണ്. ഇത്തരത്തിൽ വനം വകുപ്പിന് അവകാശപ്പെട്ട തുക പിരിച്ചെടുക്കുന്നതിനോ അതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനോ യാതൊരു സംവിധാനവും ഡിവിഷനിൽ ഏർപ്പെടുത്തിയിട്ടില്ല. മരം മുറിക്കാൻ അനുമതിക്കായി അപേക്ഷ ലഭ്യമാകുന്നത് മുതൽ വനം വകുപ്പിന് അവകാശപ്പെട്ട തുകകൾ പിരിച്ചെടുക്കുന്നതു വരെയുള്ള എല്ലാ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി പുരോഗതി നിരീക്ഷിക്കുന്നതിനായുള്ള സംവിധാനങ്ങൾ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

iii) സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു വില്പന നടത്താൻ മറ്റു വകുപ്പുകൾ/ഏജൻസികൾക്കു അനുമതി നൽകുന്ന കേസുകളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ച മരം ആണെങ്കിൽ വില്പന തുകയുടെ 20 ശതമാനം വനം വകുപ്പിന് അവകാശപ്പെട്ടതാണ്. എന്നാൽ അനുമതി നൽകിയത് വനം വകുപ്പ് വച്ച് പിടിപ്പിച്ച മരം ആണോ എന്ന് കണ്ടെത്തുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. ആയതിനാൽ പാതയോരത്തും ഹൈവേകളിലും മറ്റു സ്ഥലങ്ങളിലും വനം വകുപ്പ് വച്ച് പിടിപ്പിച്ച മരങ്ങളുടെ സമ്പൂർണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള സുസ്ഥിര സംവിധാനം ഡിവിഷനിലും റെയിഞ്ചുകളിലും താമസംവിനാ ഏർപ്പെടുത്തേണ്ടതാണ്.

iv) സർക്കാർ നിർദ്ദേശ പ്രകാരം പരിസ്ഥിതി ദിനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സൗജന്യമായി വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണം മുൻകൂറായി തിട്ടപ്പെടുത്തി ആവശ്യാനുസരണം മാത്രം തൈകൾ ഉത്പാദിപ്പിച്ചു വിതരണം നടത്തുന്ന രീതി അവലംബിക്കേണ്ടതാണ്. അനാവശ്യ ദുർവ്യയം ഇത്തരത്തിൽ ഒഴിവാക്കാവുന്നതാണ്.

v) നേഴ്സറി ജേർണലുകളിൽ എസ്റ്റിമേറ്റ് പ്രകാരം ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന ആകെ തൈകളുടെ എണ്ണം മാത്രമേ രേഖപ്പെടുത്തി കാണുന്നുള്ളൂ. ജേർണലിൽ ഇനം തിരിച്ചു ഓരോ ഇനം തൈകൾ ഉല്പാദിപ്പിക്കാൻ എത്ര കിലോ വിത്ത് ഉപയോഗിച്ച് എന്നും വിത്തിന്റെ ജർമിനേഷൻ പെർസെന്റേജ്, വിത്തിന്റെ വില, വിത്ത് ലഭ്യമാക്കിയ ഏജൻസിയുടെ വിവരം,

ആകെ മുളച്ച തൈകളുടെ എണ്ണം, ആകെ ലഭിച്ച തൈകളുടെ എണ്ണം തുടങ്ങി സമ്പൂർണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.